©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2022

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

**പതിനഞ്ചാം കേരള നിയമസഭ**

**( FIFTEENTH KERALA LEGISLATIVE ASSEMBLY)**

# സബ്ജക്ട് കമ്മിറ്റി II
# (SUBJECT COMMITTEE II)

# ഭൂനികുതിയും ദേവസ്വവും
# (LAND REVENUE AND DEVASWOM)

## ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട്
## (2022-2023)

## SECOND REPORT ON THE SCRUTINY OF DEMANDS FOR GRANTS
## (2022-2023)

**2022 ജൂൺ 27-ാം തീയതി സമർപ്പിച്ചത്**

**(Presented on June 27, 2022)**


കേരള നിയമസഭാ സെക്രട്ടേറിയറ്റ്

തിരുവനന്തപുരം

2022

SECRETARIAT OF THE KERALA LEGISLATURE

THIRUVANANTHAPURAM

2022

പതിനഞ്ചാം കേരള നിയമസഭ
(FIFTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി II
# (SUBJECT COMMITTEE II)

## ഭൂനികുതിയും ദേവസ്വവും
## (LAND REVENUE AND DEVASWOM)

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച
രണ്ടാമത് റിപ്പോർട്ട്

(2022-2023)

SECOND REPORT ON THE SCRUTINY OF
DEMANDS FOR GRANTS
(2022-2023)

526/2022.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

# സബ്ജക്ട് കമ്മിറ്റി II

## ഭൂനികുതിയും ദേവസ്വവും

## (2021-2023)

**ഘടന**

ചെയർമാൻ :

ശ്രീ. കെ. രാജൻ

റവന്യൂ -ഭവനനിർമ്മാണ വകുപ്പുമന്ത്രി

എക്സ്-ഒഫീഷ്യോ അംഗം:

ശ്രീ. കെ. രാധാകൃഷ്ണൻ

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി

അംഗങ്ങൾ :

ഡോ. എൻ. ജയരാജ്

ശ്രീ. എൻ. എ. നെല്ലിക്കുന്ന്

ശ്രീ. കെ. ഡി. പ്രസേനൻ

ശ്രീ. പി. ടി. എ. റഹീം

ശ്രീ. എം. രാജഗോപാലൻ

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി

ശ്രീ. സനീഷ്കുമാർ ജോസഫ്

ശ്രീ. പി. വി. ശ്രീനിജിൻ.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി

ശ്രീ. ത്രിദീപ്. കെ. ജി., ജോയിന്റ് സെക്രട്ടറി

ശ്രീമതി ജയശ്രീ. എം., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. സജീവൻ പി. കെ., അണ്ടർ സെക്രട്ടറി.

## അവതാരിക

2022-23 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II-ന്റെ പരിധിയിൽ വരുന്ന ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട് സമിതി ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

2022 ഏപ്രിൽ 5, 20 എന്നീ തീയതികളിൽ സമിതി യോഗം ചേർന്ന്, കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലും ഇത് സംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശരേഖകളിലും വ്യവസ്ഥ ചെയ്തിട്ടുള്ള വിധം താഴെപ്പറയുന്ന ധനാഭ്യർത്ഥനകളിൽ ഉൾക്കൊള്ളുന്ന വിവിധ ചെലവിനങ്ങൾ സമിതി പരിശോധിച്ചു.

ധനാഭ്യർത്ഥന നമ്പർ VI - ഭൂനികുതി

ധനാഭ്യർത്ഥന നമ്പർ XI - ജില്ലാ ഭരണവും പലവകയും

ധനാഭ്യർത്ഥന നമ്പർ XX - ശുദ്ധജല വിതരണവും ശുചീകരണവും

ധനാഭ്യർത്ഥന നമ്പർ XXVIII - പലവക സാമ്പത്തിക സർവ്വീസുകൾ

മേൽ പ്രസ്താവിച്ച ധനാഭ്യർത്ഥനകൾ സംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പുകളിൽനിന്നും ലഭിച്ച കുറിപ്പുകൾ പരിശോധനാവേളയിൽ സമിതി പരിഗണിക്കുകയും ആവശ്യമായ ഘട്ടങ്ങളിൽ യോഗങ്ങളിൽ സന്നിഹിതരായിരുന്ന ഉദ്യോഗസ്ഥരിൽ നിന്നും കൂടുതൽ വിവരങ്ങൾ ആരായുകയും ചെയ്തു.

ഭരണഘടനാപരവും സാമ്പത്തികവുമായ പരിമിതികൾക്ക് വിധേയമായി സമിതി അതിന്റെ നിർദ്ദേശങ്ങൾക്കും ശിപാർശകൾക്കും രൂപം നൽകുകയും അവ റിപ്പോർട്ടിൽ ഉൾക്കൊള്ളിക്കുകയും ചെയ്തിരിക്കുന്നു.

2022 ഏപ്രിൽ 27-ാം തീയതി ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

**കെ. രാജൻ,**
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി II.*

തിരുവനന്തപുരം,
2022 ഏപ്രിൽ 27.

## റിപ്പോർട്ട്

## ധനാഭ്യർത്ഥന നമ്പർ VI—ഭൂനികുതി

വോട്ടു ചെയ്തത് : 8,14,17,76,000 രൂപ

ചാർജ് ചെയ്തത് : 1,40,000 രൂപ

2029-00-101-99—വില്ലേജ് എസ്റ്റാബ്ലിഷ്മെന്റ്

ബഡ്ജറ്റ് വിഹിതം : 4,83,10,47,000 രൂപ (നോൺ പ്ലാൻ)

1. സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളുടെ കെട്ടിടവാടക, കരം, നികുതി ഇനത്തിൽ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ കുടിശ്ശികയായി നിലനിൽക്കുന്ന തുക മുഴുവൻ അടച്ചു തീർക്കുന്നതിനായി 2029-00-101-99.6 എന്ന ശീർഷകത്തിൽ 1 കോടി രൂപയും വില്ലേജ് ഓഫീസുകളുടെ വൈദ്യുതി ചാർജ്ജ് ഇനത്തിൽ 2029-00-101-99-05.2 എന്ന ശീർഷകത്തിൽ 25 ലക്ഷം രൂപയും വെള്ളക്കരം ഇനത്തിൽ 2029-00-101-99-05.1 എന്ന ശീർഷകത്തിൽ 30 ലക്ഷം രൂപയും അധികമായി ആവശ്യമുള്ളതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ മേൽ ശീർഷകങ്ങളിൽ 1.55 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2029-00-103-95—ഭൂരേഖാ സേവനലഭ്യതയും ഉദ്ഗ്രഥനവും

ബഡ്ജറ്റ് വിഹിതം : 5,16,00,000 രൂപ (പ്ലാൻ)

2. ഇന്റഗ്രേഷൻ ഓഫ് ലാന്റ് റെക്കോർഡ്സ് സർവീസ് ഡെലിവറി സിസ്റ്റം എന്ന പദ്ധതിയ്ക്കായി കഴിഞ്ഞ സാമ്പത്തിക വർഷം മേൽ ശീർഷകത്തിൽ 12 കോടി രൂപ വകയിരുത്തുകയും ഭരണാനുമതി നൽകുകയും ചെയ്തിരുന്നുവെന്നും എന്നാൽ 2021-22 സാമ്പത്തിക വർഷം പദ്ധതി പൂർത്തിയാക്കാൻ കഴിയാത്ത സാഹചര്യത്തിൽ ശീർഷകത്തിൽ അവശേഷിച്ച 8 കോടി രൂപ e-LAMS ലേക്ക് മാറ്റുന്നതിന് നടപടി സ്വീകരിച്ചതായും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പ്രസ്തുത പദ്ധതിയുടെ പൂർത്തീകരണത്തിനായി e-LAMS-ൽ വകയിരുത്തിയ തുക ഈ സാമ്പത്തിക വർഷം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2029-00-800-74—കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ(ഭേദഗതി) നിയമപ്രകാരമുള്ള ചെലവുകൾ

ബഡ്ജറ്റ് വിഹിതം : 1,000 രൂപ (നോൺ പ്ലാൻ)

3. 22-2-2022-ലെ സ.ഉ. (കൈ.) 56/2022/RD നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) നിയമപ്രകാരം ഭൂമി തരം മാറ്റുന്നതിനുള്ള അപേക്ഷകൾ ക്രമാതീതമായി വർദ്ധിച്ച സാഹചര്യത്തിൽ,

പ്രസ്തുത അപേക്ഷകളുടെ അതിവേഗ തീർപ്പാക്കൽ ദൗത്യത്തിനായി 10 കോടി രൂപ അനുവദിക്കുന്നതിന് ഉത്തരവായിരുന്നതായും എന്നാൽ ഈ ശീർഷകത്തിൽ 1000 രൂപ മാത്രമേ അനുവദിച്ചിട്ടുള്ളൂവെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിലേയ്ക്ക് 10 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XI—ജില്ലാ ഭരണവും പലവകയും

വോട്ടു ചെയ്തത് : 8,55,62,11,000 രൂപ

ചാർജ് ചെയ്തത് : 1,12,42,000 രൂപ

2053-00-093-99—കളക്ടർമാരും മജിസ്ട്രേറ്റുമാരും

ബഡ്ജറ്റ് വിഹിതം : 1,99,66,15,000 രൂപ (നോൺ പ്ലാൻ)

4. കളക്ടറേറ്റിലെയും റവന്യൂ ഡിവിഷണൽ ഓഫീസുകളിലെയും IAS ഉദ്യോഗസ്ഥർ ഉൾപ്പെടെയുള്ളവരുടെ അവധി യാത്രാ ആനുകൂല്യം നൽകുന്നതിന് 2053-00-093-99-04-4 എന്ന ശീർഷകത്തിൽ 10 ലക്ഷം രൂപയും IAS ഉദ്യോഗസ്ഥരുടെ കെട്ടിട വാടക നൽകുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കെട്ടിട നികുതി നൽകുന്നതിനും 2053-00-093-99-06 എന്ന ശീർഷകത്തിൽ 25 ലക്ഷം രൂപയും റവന്യൂ കലോത്സവ നടത്തിപ്പിനായി 2053-00-093-99-34-3 എന്ന ശീർഷകത്തിൽ 150 ലക്ഷം രൂപയും അധികമായി ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ മേൽ ശീർഷകങ്ങളിൽ 1.85 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2053-00-094-99—താലൂക്ക് ആഫീസുകൾ

ബഡ്ജറ്റ് വിഹിതം : 2,95,84,91,000 രൂപ (നോൺ പ്ലാൻ)

5. താലൂക്ക് ഓഫീസുകൾ, ദുരന്ത നിവാരണ പ്രവർത്തനങ്ങൾ, റവന്യൂ റിക്കവറി, ഇതര നികുതി പിരിവുകൾ എന്നിവയ്ക്ക് വാഹനങ്ങൾ ഉപയോഗിക്കുന്നതിനാൽ വാഹനങ്ങളുടെ ഇന്ധനച്ചെലവുകൾക്കായി 2053-00-094-99-45 എന്ന ശീർഷകത്തിൽ 50 ലക്ഷം രൂപയും വാഹനങ്ങളുടെ അറ്റകുറ്റപണികൾക്കായി 2053-00-094-99-21-2 എന്ന ശീർഷകത്തിൽ 20 ലക്ഷം രൂപയും അധികമായി ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ മേൽ ശീർഷകങ്ങളിൽ 70 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2053-00-094-42—കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി

ബഡ്ജറ്റ് വിഹിതം : 1,000 രൂപ (നോൺ പ്ലാൻ)

6. സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ പ്ലാൻ ഫണ്ടിൽ നിന്നാണ് നിലവിൽ അതോറിറ്റിയുടെ പ്രവർത്തനങ്ങൾക്കും അതോറിറ്റിയുടെയും സ്റ്റേറ്റ് എമർജൻസി ഓപ്പറേഷൻ സെന്ററിലെയും ജീവനക്കാർക്ക് ശമ്പളത്തിനും മറ്റ് അലവൻസുകൾക്കും ഉള്ള തുക നൽകി വരുന്നതെന്നും എന്നാൽ ശമ്പളച്ചെലവുകൾക്കായി നോൺ പ്ലാൻ ഫണ്ടിൽ തുക വകയിരുത്തേണ്ടത് ആവശ്യമാണെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ മേൽ ശീർഷകത്തിൽ 3.31 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2053-00-094-39—സംസ്ഥാനത്തിന്റെ വനമേഖലയ്ക്കുള്ളിലെ സ്വകാര്യ എസ്റ്റേറ്റ് ഏറ്റെടുക്കുന്നതിനുള്ള പ്രത്യേക സ്റ്റാഫ്

ബഡ്ജറ്റ് വിഹിതം : 5,000 രൂപ (നോൺ പ്ലാൻ)

7. സംസ്ഥാനത്തെ വനമേഖലയ്ക്കുള്ളിലെ സ്വകാര്യ എസ്റ്റേറ്റ് ഏറ്റെടുക്കുന്നതിനുള്ള പ്രത്യേക സ്റ്റാഫിന്റെ ശമ്പളവും അലവൻസുകളും ലഭ്യമാക്കുന്നതിലേക്ക് വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നതിനാൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ 65 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നു.

2053-00-094-37—സാമൂഹിക സന്നദ്ധസേനാ ഡയറക്ടറേറ്റ്

ബഡ്ജറ്റ് വിഹിതം : 50,00,000 രൂപ (പ്ലാൻ)

8. വാതിൽപ്പടിസേവനം രണ്ടാംഘട്ടം , സാമൂഹികാധിഷ്ഠിതമായ ദുരന്തനിവാരണ പദ്ധതി എന്നിവ നടപ്പാക്കുന്നതിനായി വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പദ്ധതിയിനത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2053-00-094-37—സാമൂഹിക സന്നദ്ധസേനാ ഡയറക്ടറേറ്റ്

ബഡ്ജറ്റ് വിഹിതം : 40,89,000 രൂപ (നോൺ പ്ലാൻ)

9. സാമൂഹിക സന്നദ്ധസേനയുടെ പരിപാടികൾ വികേന്ദ്രീകൃതമായി നടപ്പിലാക്കുന്നതിനും വോളണ്ടിയർമാരുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുമായി നിയമിക്കുന്ന പ്രോജക്ട് ഓഫീസർ, കോ-ഓർഡിനേറ്റർമാർ എന്നിവരുടെ ശമ്പളച്ചെലവുകൾക്കായി

വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ നോൺ പ്ലാൻ ഇനത്തിൽ ഈ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 15 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## പുതിയ ശീർഷകം അനുവദിക്കുന്നതിന്

10. കേരള യൂത്ത് ലീഡർഷിപ്പ് അക്കാദമിയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും ശമ്പളയിനത്തിലും ഭരണപരമായ ചെലവുകൾക്കുമായി തുക ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ കേരള യൂത്ത് ലീഡർഷിപ്പ് അക്കാദമിക്കായി പ്രത്യേകം നോൺ പ്ലാൻ ശീർഷകം അനുവദിക്കണമെന്നും ഉപധനാഭ്യർത്ഥന വഴി 25 ലക്ഷം രൂപ വകയിരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

2250-00-101-99—സംസ്ഥാന ധർമ്മകാര്യം

ബഡ്ജറ്റ് വിഹിതം : 1,000 രൂപ (നോൺ പ്ലാൻ)

11. തിരുവനന്തപുരം എസ്.എം.വി. സ്കൂളിൽ സ്ഥിതി ചെയ്യുന്ന അമ്പലത്തിലെ പൂജാരിക്ക് മതപതിവ് നൽകുന്നതിനായി തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 23,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2250-00-102-98—കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ്

ബഡ്ജറ്റ് വിഹിതം : (31) സഹായധനം-ശമ്പളം – 1,50,00,000 രൂപ (നോൺ പ്ലാൻ)

(36)സഹായധനം-ശമ്പളേതരം—40,14,000 രൂപ (നോൺ പ്ലാൻ)

ആകെ—1,90,14,000 രൂപ (നോൺ പ്ലാൻ)

12. കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിന് അഞ്ച് ദേവസ്വം ബോർഡുകളിലെ വിവിധ തസ്തികകളിലേക്കുള്ള നിയമനം നടത്തുന്നതിനുള്ള ചെലവിനും ജീവനക്കാർക്ക് അർഹമായ ആനുകൂല്യം നൽകുന്നതിനും ശമ്പളച്ചെലവിനും ഓഫീസ് ചെലവുകൾക്കുമായി വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 2250-00-102-98-31 എന്ന ശീർഷകത്തിൽ 1 കോടി രൂപയും 2250-00-102-98-36 എന്ന ശീർഷകത്തിൽ 1 കോടി രൂപയും ചേർത്ത് ആകെ 2 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2250-00-103-99—ദേവസ്വം ഫണ്ടിലേക്കും ശ്രീപണ്ടാരംവക ഫണ്ടിലേക്കും ഉള്ള സഹായം

ബഡ്ജറ്റ് വിഹിതം : 1,00,00,000 രൂപ (നോൺ പ്ലാൻ)

13. 2003-ലെ സ.ഉ. (സാധാ.) നമ്പർ 378/2003/റവ. ഉത്തരവ് പ്രകാരം തിരുവിതാംകൂർ ദേവസ്വം ബോർഡിനും ശ്രീപത്മനാഭ സ്വാമി ക്ഷേത്രത്തിനും ആന്വൽ കോൺട്രിബ്യൂഷൻ ഇനത്തിൽ നൽകി വരുന്ന 1 കോടി രൂപ 15 വർഷങ്ങൾക്ക് മുമ്പുള്ള നിരക്കായതിനാൽ പ്രസ്തുത തുക കാലോചിതമായി വർദ്ധിപ്പിക്കേണ്ടത് അനിവാര്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ആവശ്യത്തിനായി ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ മേൽ ശീർഷകത്തിൽ 50 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2250-00-103-98—കൊച്ചി ദേവസ്വം ബോർഡിനുള്ള സഹായം

ബഡ്ജറ്റ് വിഹിതം : 1,000 രൂപ (നോൺ പ്ലാൻ)

14. കൊച്ചി ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിൽ ഭക്തജനങ്ങൾക്കായി അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും ഹരിതക്ഷേത്രം പദ്ധതി നടപ്പിലാക്കുന്നതിനും വാദ്യകലാപീഠം, ക്ഷേത്ര സാംസ്കാരിക മ്യൂസിയം, മഴവെള്ള സംഭരണി, മാലിന്യ സംസ്കരണ പ്ലാന്റ് തുടങ്ങിയ പദ്ധതികൾക്കും ഭാരിച്ച ചെലവ് വരുന്നുണ്ടെന്നും ക്ഷേത്രത്തിന്റെ തനത് ഫണ്ടിൽ നിന്നും തുക കണ്ടെത്തുന്നത് പ്രായോഗികമല്ലെന്നും സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 25 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2250-00-103-91—മലബാർ പ്രദേശത്തുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാർക്കും എക്സിക്യൂട്ടീവ് ഓഫീസർമാർക്കുമുള്ള ക്ഷേമനിധിയിലേയ്ക്ക് സർക്കാർ നൽകുന്ന സംഭാവന

ബഡ്ജറ്റ് വിഹിതം : 1,000 രൂപ (നോൺ പ്ലാൻ)

15. മലബാർ പ്രദേശത്തുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാർ, എക്സിക്യൂട്ടീവ് ഓഫീസർമാർ എന്നിവരുടെ ക്ഷേമനിധി മാസവിഹിതം, ക്ഷേത്ര വിഹിതം, സ്ഥിരനിക്ഷേപത്തിൽ നിന്നുള്ള പലിശ എന്നിവയിൽ നിന്നും ക്ഷേമനിധിക്ക് ലഭിക്കുന്ന വരുമാനം ഉപയോഗിച്ചാണ് നിലവിൽ പെൻഷൻ, ഗ്രാറ്റുവിറ്റി, 25,000 രൂപ വരെയുള്ള ചികിത്സാ ധനസഹായം, എക്സിക്യൂട്ടീവ് ഓഫീസർമാരുടെ പെൻഷൻ എന്നീ ചെലവുകൾ നിർവ്വഹിച്ചു വരുന്നതെന്നും എന്നാൽ ക്ഷേമനിധിയുടെ തനത് വരുമാനം മേൽ പ്രസ്താവിച്ച ചെലവുകൾ എല്ലാം തന്നെ

നിർവഹിക്കുന്നതിന് പര്യാപ്തമല്ലായെന്നും സമിതി വിലയിരുത്തുന്നു. ആയതിനാൽ ക്ഷേമനിധിയിലേക്കുള്ള സർക്കാർ സഹായമായി ഈ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 4.9999 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2250-00-103-89—വഖഫ് ബോർഡിനുള്ള അഡ്മിനിസ്ട്രേറ്റീവ് ഗ്രാന്റ്

ബഡ്ജറ്റ് വിഹിതം : 72,00,000 രൂപ (നോൺ പ്ലാൻ)

16. വഖഫ് ബോർഡിന്റെ ഭരണപരമായ ചെലവുകൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 6 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2250-00-103-87—മലബാർ ദേവസ്വം ബോർഡ്

ബഡ്ജറ്റ് വിഹിതം : (31) സഹായധനം-ശമ്പളം - 24,64,11,000 രൂപ (നോൺ പ്ലാൻ)

(36) സഹായധനം-ശമ്പളേതരം-11,38,30,000 രൂപ (നോൺ പ്ലാൻ)

ആകെ—36,02,41,000 രൂപ (നോൺ പ്ലാൻ)

17. മലബാർ ദേവസ്വം ബോർഡിലെ ജീവനക്കാരുടെ ശമ്പളപരിഷ്കരണത്തിനും ശമ്പളപരിഷ്കരണ കുടിശ്ശികയ്ക്കും ബോർഡിന്റെ ജീർണ്ണോദ്ധാരണ ധനസഹായം ഉൾപ്പെടെയുള്ള മറ്റെല്ലാ ചെലവുകൾക്കുമായി വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ 2250-00-103-87-31 എന്ന ശീർഷകത്തിൽ 30 കോടി രൂപയും 2250-00-103-87-36 എന്ന ശീർഷകത്തിൽ 3 കോടി രൂപയും ഉൾപ്പെടെ ആകെ 33 കോടി രൂപ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2250-00-103-86—ഉത്തര മലബാറിലെ കാവുകളിലെ ആചാര്യ സ്ഥാനികർക്കും കോലധികാരികൾക്കുമുള്ള മാസ അലവൻസ്

ബഡ്ജറ്റ് വിഹിതം : 1,25,00,000 രൂപ (നോൺ പ്ലാൻ)

18. മലബാർ പ്രദേശത്തുള്ള ക്ഷേത്രങ്ങളിലെ ആചാര്യസ്ഥാനികർക്കും കോലധികാരികൾക്കും സർക്കാർ വർഷാവർഷം അനുവദിക്കുന്ന തുക തികയാതെ വരുന്ന സാഹചര്യത്തിൽ ബോർഡിന്റെ തനത് ഫണ്ട് ഉപയോഗിച്ചാണ് ധനസഹായം വിതരണം ചെയ്തുവരുന്നതെന്നും പുതുതായി ഉൾപ്പെടുത്തിയ 420 ആചാര്യ സ്ഥാനികർക്കും 105 കോലധികാരികൾക്കും

1,400 രൂപ നിരക്കിൽ ധനസഹായം വിതരണം ചെയ്യേണ്ടതുണ്ടെന്നും കൂടാതെ മുൻ വർഷങ്ങളിലെ തുക കുടിശ്ശികയുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 7 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2250-00-103-85—മലബാർ ദേവസ്വം ബോർഡിന് കീഴിൽ ഒരു ക്ഷേത്രകലാ ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങുന്നതിന്

ബഡ്ജറ്റ് വിഹിതം : (36)—സഹായധനം-ശമ്പളേതരം-5,50,000 രൂപ (നോൺ പ്ലാൻ)

19. മലബാർ ദേവസ്വം ബോർഡിന്റെ നിയന്ത്രണത്തിൽ കണ്ണൂർ ജില്ലയിലെ മാടായിക്കാവിൽ ക്ഷേത്രകലാ അക്കാദമി സ്ഥാപിക്കുന്നതിന് ഭരണാനുമതി ലഭ്യമായെങ്കിലും പ്രസ്തുത അക്കാദമി മെച്ചപ്പെട്ട രീതിയിൽ നടത്തുന്നതിനും കലാകാരൻമാർക്ക് ആദരം, അവാർഡ് ദാനം, ക്ഷേത്രകലാ പുരസ്കാരങ്ങൾ, അവശരായ ക്ഷേത്രകലാകാരൻമാർക്ക് സഹായം, ലൈബ്രറി വിപുലീകരണം, മ്യൂസിയം വിപുലീകരണം എന്നിവയ്ക്കും അംഗങ്ങൾക്ക് ഓണറേറിയം അനുവദിക്കുന്നതിനും അക്കാദമിയുടെ വിവിധ പ്രവർത്തനങ്ങൾക്കും നടത്തിപ്പിനും അധിക തുക ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 44.5 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2250-00-103-82—വൈക്കം ക്ഷേത്ര കലാപീഠം

ബഡ്ജറ്റ് വിഹിതം : 1,000 രൂപ (നോൺ പ്ലാൻ)

20. തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ ആഭിമുഖ്യത്തിൽ ക്ഷേത്രകലകളെ പ്രോത്സാഹിപ്പിക്കുന്നതിനും വളർത്തുന്നതിനുമായി വൈക്കം മഹാദേവക്ഷേത്രത്തോട് അനുബന്ധിച്ച് പ്രവർത്തിച്ചുവരുന്ന ക്ഷേത്രകലാപീഠത്തിൽ പ്രതിവർഷം 100-ൽപരം വിദ്യാർത്ഥികളെ പഞ്ചവാദ്യം, നാദസ്വരം, ചെണ്ട, തകിൽ തുടങ്ങിയവ പ്രഗത്ഭരായ അദ്ധ്യാപകർ അഭ്യസിപ്പിച്ചുവരുന്നതായും കലാപീഠത്തിന്റെ കാലപ്പഴക്കമുള്ള കെട്ടിടത്തിന്റെ അറ്റകുറ്റപണികൾക്കും വിദ്യാർത്ഥികൾക്കുള്ള താമസസൗകര്യത്തിനും പഠനോപകരണങ്ങൾക്കും പ്രധാനമായും ധനസഹായം ആവശ്യമുള്ളതായും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥനവഴിയോ 49.99 ലക്ഷം രൂപ അധികമായി വകയിരുത്താൻ സമിതി ശിപാർശ ചെയ്യുന്നു.

2250-00-103-80—ക്ഷേത്രങ്ങളോട് ചേർന്നുള്ള കാവുകളുടെയും കുളങ്ങളുടെയും ആൽത്തറകളുടെയും സംരക്ഷണം

ബഡ്ജറ്റ് വിഹിതം : 1,00,00,000 രൂപ (നോൺ പ്ലാൻ)

21. മലബാർ ദേവസ്വത്തിന്റെ കീഴിലുള്ളതും സ്വകാര്യ ക്ഷേത്രങ്ങളുടെ കീഴിലുള്ളതുമായ കാവുകളുടെയും കുളങ്ങളുടെയും സംരക്ഷണത്തിനായി 9.6785 കോടി രൂപയുടെ ഭരണാനുമതി നൽകിയെങ്കിലും അതിൽ 9 കോടിയോളം രൂപ ഇനിയും ലഭിക്കേണ്ടതുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. കൂടാതെ തിരുവിതാംകൂർ ദേവസ്വം ബോർഡിൽ നിന്നും കൂടൽമാണിക്യം ദേവസ്വം ബോർഡിൽ നിന്നും ഏകദേശം 11 കോടിയോളം രൂപയുടെ പദ്ധതി നിർദ്ദേശങ്ങൾ ലഭ്യമായിട്ടുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. സംസ്ഥാനത്തെ വിവിധ പ്രദേശങ്ങളിലെ ജലസമൃദ്ധി ഉറപ്പാക്കാൻ കാവുകളെയും കുളങ്ങളെയും സംരക്ഷിക്കേണ്ടത് അനിവാര്യമായതിനാൽ ഈ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 19 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XX—ശുദ്ധജലവിതരണവും ശുചീകരണവും

വോട്ടു ചെയ്തത് : 23,03,14,87,000 രൂപ

ചാർജ് ചെയ്തത് : ഇല്ല

2215-02-105-95—ഗ്രാമീണ ശുചീകരണ സർവീസുകൾ (ശബരിമല ശുചീകരണ പദ്ധതിക്കുള്ള സഹായം)

ബഡ്ജറ്റ് വിഹിതം : (36)—സഹായധനം-ശമ്പളേതരം-1,32,52,000 രൂപ (നോൺ പ്ലാൻ)

22. ശബരിമലയിലും എരുമേലിയിലും മറ്റു പരിസര പ്രദേശങ്ങളിലും ശുചീകരണം നടത്തേണ്ടത് പരമപ്രധാന കാര്യമായതിനാൽ ഇക്കാര്യത്തിൽ ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിനും 2022-23 വർഷത്തെ ശബരിമല സാനിറ്റേഷൻ സൊസൈറ്റിയുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനും കൂടുതൽ തുക വകയിരുത്തേണ്ടത് അനിവാര്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 4.90205 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XXVIII—പലവക സാമ്പത്തിക സർവീസുകൾ

വോട്ടു ചെയ്തത് : 47,77,93,05,000 രൂപ

ചാർജ് ചെയ്തത് : ഇല്ല

5475-00-800-77-01—ഭൂനികുതിവകുപ്പിന് കീഴിലുള്ള മൂലധന പ്രവൃത്തികൾ/പദ്ധതികൾ/സ്മാർട്ട് റവന്യൂ ഓഫീസുകൾ

ബഡ്ജറ്റ് വിഹിതം : 48,00,00,000 രൂപ (പ്ലാൻ)

23. സംസ്ഥാനത്ത് 3 വില്ലേജ് ഓഫീസുകൾക്ക് ഒരു വാഹനം എന്ന നിലയിൽ വാടകയ്ക്ക് വാഹനസൗകര്യം ഏർപ്പെടുത്തുന്നതിനായി 15 കോടി രൂപയും റവന്യൂ ഭവന്റെ നിർമ്മാണത്തിനായി 5 കോടി രൂപയും കെട്ടിടനിർമ്മാണം , സ്മാർട്ട് വില്ലേജ് ഓഫീസ് എന്നിവയ്ക്കായി 15 കോടി രൂപയും കെട്ടിട പുനരുദ്ധാരണത്തിനായി 5 കോടി രൂപയും അധികമായി ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 40 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5475-00-800-77-02—ഭൂനികുതിവകുപ്പിനുകീഴിലുള്ള മൂലധന പ്രവൃത്തികൾ/പദ്ധതികൾ/റവന്യൂ വകുപ്പിലെ കമ്പ്യൂട്ടർവൽക്കരണം-അടിസ്ഥാന സൗകര്യം ഒരുക്കൽ/പരിപാലനം/നിലവാരമുയർത്തൽ

ബഡ്ജറ്റ് വിഹിതം : 23,00,00,000 രൂപ (പ്ലാൻ)

24. സംസ്ഥാനത്ത് പട്ടയങ്ങൾ മുഴുവനായി ഡിജിറ്റൈസ് ചെയ്യുന്നതിലേക്കായി താലൂക്ക് ഓഫീസുകൾക്കും വില്ലേജ് ഓഫീസുകൾക്കും കമ്പ്യൂട്ടർ, ലാപ് ടോപ്,പ്രിന്റർ, സ്കാനർ എന്നിവ ലഭ്യമാക്കുന്നതിനായി അധികം തുക ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈയിനത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 4 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5475-00-800-77-03—ഭൂനികുതിവകുപ്പിനുകീഴിലുള്ള മൂലധന പ്രവൃത്തികൾ /പദ്ധതികൾ / സർവ്വേ പരിശീലന സ്കൂളുകളുടെ ആധുനികവൽക്കരണം

ബഡ്ജറ്റ് വിഹിതം : 1,50,00,000 രൂപ (പ്ലാൻ)

25. തിരുവനന്തപുരം ജില്ലയിൽ നിർമ്മിക്കുന്ന മോഡേൺ സർവ്വേ സ്കൂളിന്റെ നിർമ്മാണപ്രവൃത്തികളുടെ കുടിശ്ശിക തുക അനുവദിക്കുന്നതിന് ഈ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 13.5 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**പൊതുശിപാർശകൾ**

26. സംസ്ഥാനത്തെ വില്ലേജ് ഓഫീസുകൾ ആധുനികവൽക്കരിച്ച് സ്മാർട്ട് വില്ലേജ് ഓഫീസ് ആക്കി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും ഗ്രൂപ്പ് വില്ലേജ് ഓഫീസ് സംവിധാനത്തിൽ പ്രവർത്തിക്കുന്നവ വിഭജിച്ച് പ്രത്യേക വില്ലേജ് ഓഫീസുകളായി മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

27. സംസ്ഥാനത്തെ വില്ലേജ് ഓഫീസുകൾ സ്മാർട്ട് വില്ലേജ് ഓഫീസുകൾ ആക്കി മാറ്റുന്നതിനും വില്ലേജ്/താലൂക്ക് ഓഫീസുകൾ കമ്പ്യൂട്ടർവൽക്കരിച്ച് ഇ-ഓഫീസ് സംവിധാനം ഏർപ്പെടുത്തുന്നതിനും എം.എൽ.എ.-മാരുടെ ആസ്തിവികസന ഫണ്ടിൽ നിന്നും തുക വിനിയോഗിക്കുന്നതിന് സർക്കാർ അനുമതി നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**കെ. രാജൻ,**

*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി II.*

തിരുവനന്തപുരം,
2022 ഏപ്രിൽ 27.